കേപ്പിന് ധനസഹായം

165 (532) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേപ്പിന് പദ്ധതി, പദ്ധതിയേതര ഇനത്തിൽ 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഗ്രാന്റായും മറ്റ് ഇനത്തിലും ധനസഹായം സർക്കാർ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) 2011 ജൂൺ മുതൽ 2015 ജൂൺ വരെയുള്ള കാലഘട്ടത്തിൽ കേപ്പിൽ സ്ഥിരം നിയമനങ്ങൾ നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികയിൽ എത്രപേർക്ക് നിയമനം നൽകി ;

(സി) കേപ്പിൽ ജീവനക്കാരുടെ നിയമനങ്ങൾക്ക് സംവരണതത്വങ്ങൾ/ ചട്ടങ്ങൾ ബാധകമാണോ ;

(ഡി) കേപ്പിലെ ജീവനക്കാരുടെ സ്ഥിരം നിയമനവുമായി ബന്ധപ്പെട്ട് സംവരണ തത്വങ്ങൾ/ചട്ടങ്ങൾ പാലിക്കുന്നതിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) കേപ്പിലെ നിയമനങ്ങൾക്ക് അനുവർത്തിച്ചുപോരുന്ന സംവരണ തത്വങ്ങൾ/ചട്ടങ്ങൾ എന്താണ് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കേപ്പിന്റെ പദ്ധതി, പദ്ധതിയേതര ഇനത്തിൽ 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ സർക്കാർ അനുവദിച്ച ധനസഹായത്തിന്റെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. 2011 ജൂൺ മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ കേപ്പിൽ വിവിധ തസ്തികകളിൽ സ്ഥിരനിയമനം നൽകിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

പ്രിൻസിപ്പാൾ	-	2
പ്രൊഫസർ	-	7
അസിസ്റ്റന്റ് പ്രൊഫസർ	-	141
ഹെഡ് നഴ്സ്	-	1
ഇൻസ്ട്രക്ടർ ഗ്രേഡ് II	-	5
ടേഡ്സ്മാൻ	-	3
സ്വീപ്പർ	-	1

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാധകമാണ്.

(ഡി) ഇല്ല.

(ഇ) കേരള പബ്ലിക് സർവീസ് കമ്മീഷൻ അനുവർത്തിച്ചുവരുന്ന റൊട്ടേഷൻ ചാർട്ട് അനുസരിച്ചുള്ള സംവരണമാണ് കേപ്പിലെ സ്ഥിരം നിയമനങ്ങളിൽ പാലിച്ചുവരുന്നത്.

ത്രിവേണി സ്റ്റോറുകൾ

166 (533) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന് കീഴിൽ എത്ര ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ ത്രിവേണി, സ്റ്റോറുകളിൽ പല നിത്യോപയോഗ സാധനങ്ങളും ലഭ്യമല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിനുകീഴിൽ 231 ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ സ്റ്റോറുകളുടെ മേഖലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തികമാന്ദ്യംമൂലം നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡിന് ബുദ്ധിമുട്ട് നേരിട്ടതിനാൽ ത്രിവേണി സ്റ്റോറുകളിൽ സാധനങ്ങളുടെ ലഭ്യതക്കുറവ് അനുഭവപ്പെട്ടിരുന്ന സാഹചര്യത്തിലും പരമാവധി നിത്യോപയോഗ സാധനങ്ങൾ സ്റ്റോറുകളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കൺസ്യൂമർഫെഡിന്റെ വിവിധ ഡിവിഷനുകളിലെ വിൽപ്പന മാർജിൻ ഉപയോഗിച്ച് ത്രിവേണി സ്റ്റോറുകളിൽ പരമാവധി സ്റ്റോക്ക് എത്തിക്കുന്നതിനും സർക്കാർ ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽനിന്നും വായ്പകൾ ലഭ്യമാക്കി ത്രിവേണി സ്റ്റോറുകളിൽ ആവശ്യമായ സാധനങ്ങൾ സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly